# 60

# “കർത്താധി കർത്താവും രാജാധി രാജാവും”

## (19:11- 21)

കുഞ്ഞാടിന്റെ കല്ല്യാണത്തെ ചുറ്റിപ്പറ്റിയായിരുന്നു നമ്മുടെ കഴിഞ്ഞ പാഠം: “കുഞ്ഞാടിന്റെ കല്ല്യാണം വന്നുവല്ലോ, അവന്റെ കാന്തയും തന്നെ ത്താൻ ഒരുക്കിയിരിക്കുന്നു” (19:7); “കുഞ്ഞാടിന്റെ കല്ല്യാണസദ്യക്ക് ക്ഷണിക്ക പ്പെട്ടവർ ഭാഗ്യവാന്മാർ എന്ന് എഴുതുക എന്ന് പറഞ്ഞു” (19:9). ആകയാൽ നാം “മണവാളൻ വരുന്നു എന്ന അറിയിപ്പുണ്ടായതുകൊണ്ട്” വൈകാരികമായും മാനസികമായും ഒരുങ്ങണം (മത്തായി 25:6; കെജെവി) – മിന്നുന്ന വിവാഹ വസ്ത്രത്തോടുകൂടിയായിരിക്കും ക്രിസ്തു വരുന്നത്. യേശു പ്രത്യക്ഷ*നാകും*, എന്നാൽ – വെളിപ്പാടിൽ പറഞ്ഞതുപോലെ, നാം പ്രതീക്ഷിക്കുന്നതുപോലെ ആയിരിക്കുകയില്ല. അവൻ പൊട്ടിപ്പുറപ്പെട്ടു രംഗപ്രവേശം ചെയ്യുന്ന മണവാ ളനായിട്ടല്ല, പിന്നെയോ യോദ്ധാവായ രാജാവായിട്ടാണ്:

> അനന്തരം സ്വർഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു, ഒരു വെള്ള ക്കുതിര പ്രത്യക്ഷമായി, അതിന്മേൽ ഇരിക്കുന്നവന് വിശ്വസ്തനും സത്യ വാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതിയിട്ടുള്ള ഒരു നാമവും അവനുണ്ട്. അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു. അവന്ന് ദൈവവചനം എന്നു പേർ പറയുന്നു ... . ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു. അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും. സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപ വുംക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. “**രാജാധി രാജാവും കർത്താധി കർത്താവും**” എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു (19:11-16).

ഒരു ദർശനത്തിന്റെ മൊത്തത്തിലുള്ള പ്രതീതി പ്രാധാന്യമുള്ളതാണെന്ന് ഞാൻ മുൻപ് പറഞ്ഞിരുന്നു. 11 മുതൽ 21 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കുക. ആ വാക്യങ്ങൾ വായിക്കുമ്പോൾ നിങ്ങളുടെ മനസിലേക്ക് വരുന്നതെന്താണ്? നിങ്ങളുടെ ഉത്തരം എന്തായാലും, അത് “വിജയം” എന്ന വാക്കുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടിരിക്കും. ഈ വേദഭാഗം *വിജയത്തെ* കുറിച്ചുള്ളതാണ്: ക്രിസ്തുവിന്റേയും ക്രിസ്ത്യാനിത്വത്തിന്റേയും ശത്രുക്കൾക്കെതിരായുള്ള വിജയമാണ് – പ്രത്യേകിച്ച് മൃഗത്തിന്മേലും കള്ള പ്രവാചകന്മാരുടെ മേലും (വാ. 19, 20), അവരുടെ സഖ്യകക്ഷികളിന്മേലും ഉള്ള വിജയം (വാ. 21).

കുഞ്ഞാടിന്റെ ശത്രുക്കളെ പരിചയപ്പെടുത്തിയിരിക്കുന്നത് ഈ ക്രമത്തിലാണ്: (1) സർപ്പം (12:3), (2) കടൽ ജന്തുവും കര ജന്തുവും (13:1, 11), (3) മഹതിയാം ബാബിലോൻ (14:8; 16:19; 17:1, 5). നാം അവയെ വിപരീത ക്രമത്തിലാണ് കാണുന്നത്: (1) അദ്ധ്യായം 17 ലും 18 ലും ബാബിലോൻ, (2) അദ്ധ്യായം 19 ലെ രണ്ടു മൃഗങ്ങൾ, (3) അവസാനമായി, അദ്ധ്യായം 20 ലെ, സർപ്പം.[1] ബാബിലോന്റെ നാശം കണ്ട ശേഷം, മൃഗങ്ങളുടെ, അദ്ധ്യായം 12 ലെ അജയ്യമെന്ന് തോന്നിയ ഭീകര ജന്തുക്കളുടെ നാശത്തിനായി നാം നോക്കിയിരിക്കുന്നു. ഒന്നാമത്തെ മൃഗം "നാശത്തിലേക്ക് പോകുമെന്ന്" ആദ്യം മുന്നറിയിക്കയുണ്ടായി (17:8; 17:11 നോക്കുക), ആ മുന്നറിയിപ്പ് നിറവേറുന്നതായി ഈ പാഠത്തിൽ നാം കാണും (19:20).

ഈ പാഠത്തിനുള്ള വേദഭാഗം 19:11–21 ആണ്. രണ്ട് മൃഗങ്ങളേയും മറിച്ചിടുന്നത് കാണിക്കുകയാണ് വേദഭാഗത്തിന്റെ ലക്ഷ്യം, പക്ഷെ ഊന്നൽ അവരിൽ നാശം കൊണ്ടുവന്നവനാണ്: രാജാധി രാജാവും കർത്താധി കർത്താവും. ജെയിംസ് എഫേർഡ് പറഞ്ഞതുപോലെ, "ലേഖകന്റെ ഉദ്ദേശം ന്യായവിധി *എങ്ങനെ*യായിരിക്കുമെന്നല്ല, പിന്നെയോ അത് *ആരാണ്* നടത്തുന്നത് എന്നതാണ്."[2]

## അവന്റെ അധികാരം പൂർണ്ണമാണ് (19:11-16)

യോഹന്നാൻ പറഞ്ഞു തുടങ്ങി, "സ്വർഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു" (വാ. 11). സിംഹാസനത്തിലിരിക്കുന്ന ദൈവത്തെ വെളിപ്പെടുത്തുവാൻ മുൻപ് ഒരു വാതിൽ തുറക്കുകയുണ്ടായി (4:1, 2). എന്നാൽ ഈ ദർശനത്തിന് വാതിൽ-പോലെയുള്ള കാഴ്ച്ച പോരാ. സ്വർഗം മുഴുവൻ തുറന്ന്, ക്രിസ്തുവിന്റെ ശക്തിയും മഹത്വവും അപ്പൊസ്തലന് കാണിച്ചുകൊടുത്തു.

വില്യം ബാർക്ലേ എഴുതി, "കീഴ്പ്പെടുത്തുന്ന ക്രിസ്തുവിന്റെ ആവിർഭാവമാണ് വെളിപ്പാടിലെ ഏറ്റവും നാടകീയമായ നിമിഷങ്ങൾ."[3] ജി. ആർ. ബീസ്ലേ-മുറേ പറഞ്ഞു, "വെളിപ്പാടിലെ ഏറ്റവും ശക്തമായ പ്രതീതി ഉളവാക്കുന്ന ഒന്നാണ് ഈ വേദഭാഗത്ത് ക്രിസ്തു വരുന്നതിനെ വിവരിച്ചിരിക്കുന്നത്."[4]

സ്വർഗം തുറന്നപ്പോൾ, "വിശ്വസ്തനും സത്യവാനുമായവൻ ഇരിക്കുന്ന ഒരു വെള്ളക്കുതിരയെ" യോഹന്നാൻ കണ്ടു (വാ. 11). 6:2 ലെ വെള്ളക്കുതിരപ്പുറത്തിരുന്നവനെ തിരിച്ചറിയുന്നത് സംബന്ധിച്ച് വിവാദമുണ്ടായിരിക്കാം.[5] എന്നാൽ അദ്ധ്യായം 19 ലെ വെള്ളക്കുതിരപ്പുറത്ത് ഇരിക്കുന്നവനെ തിരിച്ചറിയുന്നതു സംബന്ധിച്ച് വിവാദമൊന്നുമില്ല. അത് യേശുവാണെന്ന് ലോകം മുഴുവൻ അംഗീകരിക്കുന്നു: അവന്ന് യേശുവിന്റെ പ്രത്യക്ഷതയും (വാ. 12, 15), യേശുവിന്റെ പദവികളും ലഭിച്ചു (വാ. 11, 13, 16). (ഈ പാഠത്തിനു ശേഷം വരുന്ന "വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻ" എന്ന ചിത്രീകരണം നോക്കുക.)

ഈ ഭാഗത്തെ വിവരണ വാക്കുകളധികവും പുസ്തകത്തിൽ നേരത്തെ വന്നതാണ്. അദ്ധ്യായം 6 ലെ കുതിരക്കാരനെ പോലെ, യേശുവും വെള്ളക്കുതിരപ്പുറത്താണ് വരുന്നത് കാരണം "കീഴടക്കുന്നവന്റെ അടയാളമാണ് വെള്ളക്കുതിര ... വിജയം ആഘോഷിക്കുന്ന റോമൻ ജനറൽ വെള്ളക്കുതിരപ്പുറത്ത് കയറിയാണ് വരുന്നത്."[6]


മുൻപ്, യേശുവിനെ "വിശ്വസ്തനും സത്യവാനുമായ സാക്ഷി" എന്നാണ് വിളിച്ചത് (3:14).[7] ഇവിടെ അവനെ വിശ്വസ്തനും സത്യവാനും എന്നാണ് വിളിച്ചത് (വാ. 11) കാരണം അവൻ തന്റെ വിശ്വാസയോഗ്യതയും ആശ്രയത്വവും

പ്രദർശിപ്പിക്കുകയായിരുന്നു; താൻ മടങ്ങി വന്ന് നീതിമാന്മാർക്ക് പ്രതിഫലം കൊടുക്കയും ദുഷ്ടന്മാരെ ന്യായം വിധിക്കുമെന്നും വാഗ്ദാനം ചെയ്തിരുന്നു, ആ വാഗ്ദാനം അവൻ നിറവേറ്റുകയായിരുന്നു.

അവൻ വരുന്നതിന്റെ ഉദ്ദേശത്തെ ഊന്നി പറയുന്നതാണ് അടുത്ത പ്രസ്താവന: "അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു" (വാ. 11). അവൻ ആദ്യം നമ്മുടെ രക്ഷകനായിട്ടാണ് വന്നത്; അവൻ രണ്ടാമത് വരുന്നത് നമ്മുടെ ന്യായാധിപനായിട്ടാണ്. ഭൂമിയിലെ ന്യായാധിപന്മാർ പലപ്പോഴും – വ്യക്തിപരമായ സ്വാധീനവും, പ്രചാരത്തിലിരിക്കുന്ന അഭിപ്രായവും, ചിലപ്പോൾ അത്യാഗ്രഹപ്രകാരവുമായിരിക്കും വിധി നടത്തുക – പക്ഷെ യേശു നീതിയും ന്യായവുമനുസരിച്ചായിരിക്കും വിധി നടത്തുക.

ഇവിടത്തെ കാഴ്ച്ച എന്താണെന്ന ചോദ്യം നാം ഒന്നുകൂടെ നോക്കണം: ലോകാവസാനം അവന്റെ രണ്ടാം വരവാണോ അതോ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളുടെ ശത്രുക്കളെ (മറ്റൊരർത്ഥത്തിൽ റോമാ സാമ്രാജ്യത്തെ) ശിക്ഷിക്കുവാനാണോ. സന്ദേശം ആദ്യവായനക്കാർക്കായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല: (1) മുൻപ് പറഞ്ഞതുപോലെ, യോഹന്നാന്റെ കാലത്ത്, ആ രണ്ട് മൃഗങ്ങൾ പ്രതിനിധീകരിക്കുന്നത്, റോമാ സാമ്രാജ്യവും (അല്ലെങ്കിൽ ചക്രവർത്തി) ചക്രവർത്തിയാരാധന നടപ്പിലാക്കിയ അവളുടെ സഖ്യകക്ഷികളും. (2) ആദ്യ വായനക്കാരുടെ ഉടനെയുള്ള വിചാരം റോമിന്റെ വീഴ്ച്ചയായിരുന്നു, അല്ലാതെ അവസാനം ദുഷ്ടത മറിച്ചിടുന്നതല്ല. (3) വർത്തമാനകാലമാണ് വേദഭാഗം ഉപയോഗിച്ചിരിക്കുന്നത് ("ന്യായം വിധിക്കുന്നു," "പോരാടുന്നു") സൂചിപ്പിക്കുന്നത്, ഉടനെ സംഭവിക്കുന്നതാണ്, അല്ലാതെ വിദൂരഭാവിയിൽ സംഭവിക്കുവാനിരിക്കുന്നതല്ല.

എങ്ങനെയായാലും, ഒരിക്കൽകൂടെ, ഉടനെ ഉള്ള "പർവ്വത ശിഖര"ത്തോടുകൂടിയാണ് അവസാനത്തെ "പർവ്വത ശിഖരം."[8]




ക്രിസ്ത്യാനിത്വത്തിന്റെ പ്രത്യേക ശത്രുവിനെയാകാം കാണിക്കുന്നത്, എന്നാൽ ഏതു തലമുറയിലെ വായനക്കാർക്കും ഉള്ള പാഠമെന്തെന്നാൽ, എത്ര വലിയ ശക്തനായ ശത്രുവായാലും, ക്രിസ്തുവിന്റെ ശക്തിയുടെ മുൻപിൽ നിൽക്കുവാൻ കഴിയുകയില്ല. അവസാനം അവനെ എതിർക്കുന്ന എല്ലാവരും വീണുപോകും. ഒരർത്ഥത്തിൽ, പിന്നെ, 19:11–17 രണ്ടാം വരവിനെ കുറിച്ച് പറയുന്ന വലിയ വേദഭാഗമായ 2 തെസലൊനിക്യർ 1:79 ലേക്ക് നമ്മെ നയിക്കുന്നു.

ഇപ്പോൾ നമുക്ക് വേദഭാഗത്തിലേക്ക് മടങ്ങാം: 1:14 ലേതുപോലെ, യേശു

വിന്റെ കണ്ണുകൾ "തീജ്വാല പോലെ" യാണെന്നാണ് പറഞ്ഞത് (19:12).[9] അവന്റെകാഴ്ച്ചപ്പാടിനെ മറെക്കുവാൻ ഒന്നിനും കഴിയുകയില്ല. ന്യായാധിപന് തെറ്റാതെ നീതിയോടും ന്യായത്തോടും വിധിക്കുവാൻ സർവ്വജ്ഞാനം ആവശ്യമാണ്.

അടുത്ത വിശദാംശം പുതിയതാണ്: "അവന്റെ തലയിൽ അനേകം രാജമുടികൾ" (വാ. 12). യേശുവിനെ ആദ്യം വിജയകിരീടം അണിഞ്ഞവനായിട്ടാണ് പറഞ്ഞത് (ദ *സ്തെഫാനോസ്*; 14:14), എന്നാൽ ആദ്യമായിട്ടാണ് അവൻ വാഴുന്ന കിരീടം (ദ *ഡയാഡെമാ*) അണിഞ്ഞവനായി പറയുന്നത്. കൂടാതെ അവന് ഒരു രാജമുടിയല്ല, "അനേകം" രാജമുടികളാണുണ്ടായിരുന്നത്. ഒന്നിലധികം രാജ്യങ്ങളെ വാണിരുന്നവർക്ക് ഒന്നിലധികം കിരീടങ്ങളുണ്ടാവുന്നത് അസാധാരണമല്ല.[10] സർപ്പത്തിനും കടൽ ജന്തുവിനും ഒന്നിലധികം കിരീടങ്ങളുണ്ടായിരുന്നു (12:3; 13:1), പക്ഷെ അവരുടെ ഭരണം രണ്ടാംകിടയും താൽകാലികവുമായിരുന്നു. "ആകാശത്തിലും ഭൂമിയിലും ... സകല അധികാരവും ക്രിസ്തുവിനാണ്" (മത്തായി 28:18).

വാക്യം 11-ൽ യേശുവിനെ "വിശ്വസ്തനും സത്യവാനും" എന്നാണ് പറഞ്ഞിരിക്കുന്നത്. വാക്യം 12-ൽ അവനെ മറ്റൊരു പേർ വിളിച്ചിരിക്കുന്നു. "എഴുതിയിട്ടുള്ള ഒരു നാമവും അവനുണ്ട്[11] അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ" (വാ. 12).[12] പുരാതന ലോകത്ത് ഒരു വ്യക്തിയുടെ പേർ അയാളുടെ സ്വഭാവത്തെ വ്യക്തമാക്കുന്നതായിരുന്നു – അവൻ ആരായിരുന്നു എന്നും എന്തായിരുന്നു എന്നും. യേശുവിന്റെ ആ രഹസ്യനാമത്തെ കുറിച്ച് ജെ. ഡബ്ലിയു. റോബർട്ട്സ് പറഞ്ഞത്, ഒരുപക്ഷെ ശരിയായിരിക്കാം, "അവന്റെ സ്വഭാവത്തെയും വ്യക്തിത്വത്തെയും കുറിച്ചുള്ള അന്തിമ മർമ്മം."[13] നാം ജഡത്തിലായിരിക്കുമ്പോൾ യേശുവിനെ കുറിച്ച് എല്ലാം നമുക്ക് അറിയുവാൻ സാധ്യമല്ല.

അടുത്തതായി, "അവൻ രക്തം തളിച്ച[14] ഉടുപ്പ് ധരിച്ചിരിക്കുന്നതായിട്ടാണ്" പറഞ്ഞിരിക്കുന്നത് (വാ. 13). അത് യേശു പകരം വീട്ടുവാനിരുന്ന രക്തസാക്ഷികളുടെ രക്തമാകാം സൂചിപ്പിക്കുന്നത് (6:10; 16:6; 17:6; 18:24; 19:2). വിജയം കൈവരിക്കുന്ന യേശുവിന്റെ സ്വന്ത രക്തം തന്നെയുമാകാം (1:5; 5:9; 7:14; 12:11).[15] എങ്ങനെയായാലും, അത് യെശയ്യാവ് 63-ൽ ദൈവം യിസ്രായേലിന്റെ ശത്രുവിനോട് പകരം വീട്ടുന്നതിൽനിന്ന് വിട്ടുനിന്നതാണ് ഓർപ്പിക്കുന്നത്. പ്രവാചകൻ യഹോവയോട് ചോദിച്ചു, "നിന്റെ ഉടുപ്പ് ചുവന്നിരിക്കുന്നതെന്ത്? നിന്റെ വസ്ത്രം മുന്തിരിച്ചക്ക് ചവിട്ടുന്നവന്റേതുപോലെ ഇരിക്കുന്നതെന്ത്?" (യെശയ്യാവ് 63:2). ഉത്തരം ലഭിച്ചു,

> ഞാൻ ഏകനായി മുന്തിരിച്ചക്ക് ചവിട്ടി, ജാതികളിൽ ആരും എന്നോടുകൂടെ ഉണ്ടായിരുന്നില്ല. എന്റെ കോപത്തിൽ ഞാൻ അവരെ ചവിട്ടി. എന്റെ ക്രോധത്തിൽ അവരെ മെതിച്ചുകളഞ്ഞു. അവരുടെ *രക്തം എന്റെ വസ്ത്രത്തിൽ തെറിച്ചു*. എന്റെ ഉടുപ്പൊക്കെയും മലിനമായിരിക്കുന്നു (വാ. 3; എംഫസിസ് മൈൻ).

യേശുവിന്റെ ഉടുപ്പിന്മേലുണ്ടായിരുന്ന രക്തം അവന്റെ ശത്രുക്കളുടേതായിരുന്നു എന്നതാണ് സൂചന. വെളിപ്പാട് 19-ൽ അടുത്ത രണ്ടു വാക്യങ്ങൾ വരുന്നതുവരെ മുന്തിരിച്ചക്ക് മെതിക്കുന്നതിനെ കുറിച്ച് പറയുന്നില്ല, എന്നാൽ

ഉടനീളം വർത്തമാന കാലം (തുടർപ്രവൃത്തി) ആണ് ഉപയോഗിച്ചിരിക്കുന്നത്: "അവൻ ന്യായം വിധിക്കയും [വിധിച്ചുകൊണ്ടിരിക്കും], പോരാടുകയും ചെയ്യുന്നു [പോരാടിക്കൊണ്ടിരിക്കും]" (വാ. 11). "സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു [മെതിച്ചുകൊണ്ടിരിക്കും]" (വാ. 15).[16] അത് വെള്ളക്കുതിരപ്പുറത്ത് കയറി വരുന്ന സാധാരണ പോരാളിയായിരുന്നില്ല, മറിച്ച്, യുദ്ധ-ഭീതി വിളിച്ചോതുന്ന വീരനായിരുന്നു. കഴിഞ്ഞ കാല പോരാട്ടത്തെയും വിജയത്തെയും സൂചിപ്പിക്കുന്നതായിരുന്നു അവന്റെ രക്തം-പുരണ്ട ഉടുപ്പ്.

അടുത്തത്, നാം വായിക്കുന്നു "അവന്നു ദൈവവചനം എന്നു പേർ" (വാ. 13). ഗ്രീക്ക് വാക്ക് ലോഗോസ് തർജിമ ചെയ്തതാണ് "വചനം." ദൈവവചനത്തിന്റെ മൂർത്തീഭാവമാണ് യേശു; അവൻ ദൈവം ആരാണ് എന്നതിന്റേയും എന്താണ് എന്നതിന്റേയും പൂർണ്ണതയുള്ള വെളിപ്പാടാണ് (യോഹന്നാൻ 14:9). "വചനം" എന്നത് യോഹന്നാന്റെ പുസ്തകത്തിൽ അടിക്കടി യേശുവിന്റെ പദവിയായി ഉപയോഗിച്ചിരിക്കുകയാണ്; വാസ്തവത്തിൽ ഈ അപ്പൊസ്തലൻ മാത്രമാണ് യേശുവിനെ കുറിച്ച് പറയുവാൻ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് (യോഹന്നാൻ 1:1, 14; 1 യോഹന്നാൻ 1:1).[17]

യേശു ഒരു സൈന്യത്തെ നയിച്ചുകൊണ്ടു വരുന്നു എന്നു പറഞ്ഞ് രംഗത്തെ വിപുലമാക്കുകയാണ് വാക്യം 14: "സ്വർഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിച്ച് വെള്ളപ്പുറത്തു കയറി അവനെ അനുഗമിച്ചു." സൈന്യം എന്നു പറയുന്നത് ക്രിസ്തുവിന്റെ മണവാട്ടിയാണെന്നാണ് (സഭയായ, ക്രിസ്ത്യാനികൾ) പലരും വിശ്വസിക്കുന്നത്, കാരണം, ഏതാനും വാക്യങ്ങൾക്ക് മുൻപ് മണവാട്ടിയുടെ വസ്ത്രം "ശുദ്ധവും ശുഭ്രവും" എന്ന് പറഞ്ഞിരുന്നു (വാ. 8). അടിസ്ഥാനപരമായി വസ്ത്രം ഒന്നു തന്നെ, എന്നാൽ അത് ഒരുപക്ഷെ സ്വർഗീയ-മുറിയിലെ വസ്ത്ര നിലവാരമായിരിക്കാം വ്യക്തമാക്കുന്നത് (4:4 നോക്കുക).[18] "സ്വർഗത്തിലെ സൈന്യം ... നിർമ്മലവും ശുഭ്രവുമായ ... വിശേഷവസ്ത്രം ധരിച്ചിരിക്കുന്നു" എന്നത് ദൈവത്തിന്റെ ദൂതന്മാരാകാനാണ് സാധ്യത. ദൈവത്തിന്റെ സ്വർഗീയ "സൈന്യം" ആയിട്ടാണ് ദൂതന്മാരെ തിരുവെഴുത്തിലുടനീളം പറഞ്ഞിരിക്കുന്നത് (സൈന്യം; യോശുവ 5:14, 15; 1 രാജാക്കന്മാർ 22:19; 1 ദിനവൃത്താന്തം 12:22; ദാനിയേൽ 7:10; മത്തായി 26:53). യേശുവിന്റെ ഒഴിച്ചുകൂടാനാവാത്ത വരവ് തന്റെ വിശുദ്ധ ദൂതന്മാരുമായിട്ടായിരിക്കും (മത്തായി 25:31; മർക്കൊസ് 8:38; ലൂക്കൊസ് 9:26; 2 തെസലൊനിക്യർ 1:7).

"സ്വർഗീയ വിശ്രമത്തിനുശേഷം ക്രിസ്ത്യാനികൾ തിന്മക്കെതിരെ യുദ്ധം ചെയ്യുന്ന ആശയം തിരുവെഴുത്തിന് അന്യമാണ്"[19] എന്നായിരുന്നു ആൽബർട്ടസ് പിയറ്റേഴ്സ് പറഞ്ഞത്. ബർട്ടൻ കോഫ്മാൻ തന്റെ പരാമർശത്തിൽ അൽപം ഹാസ്യം കലർത്തിയിരിക്കുന്നു: "ചെന്നായ്ക്കൾക്കെതിരായ നശീകരണ പാളയത്തിനായി കർത്താവ് ഒരിക്കലും തന്റെ ആടുകളെ സംഘടിപ്പിച്ചിരുന്നില്ല!"[20]

സൈന്യം വിശുദ്ധന്മാരായാലും ദൂതന്മാരായാലും, അതിന്റെ അനന്തരഫലത്തിൽ വലിയ വ്യത്യാസം ജനിപ്പിക്കുന്നില്ല. വേദഭാഗം മുഴുവൻ നോക്കിയാൽ യേശുവിനെ അനുഗമിക്കുകയല്ലാതെ സൈന്യം മറ്റൊന്നും ചെയ്യുന്നതായി കാണുന്നില്ല. ലിയോൺ മോറിസ് പറഞ്ഞു, "സൈന്യത്താലല്ലാ വചനത്താലത്രെ യേശു ജാതികളെ വെട്ടുന്നത് ... സൈന്യത്തിന് വചനത്തെ പിൻപ

റ്റുകയല്ലാതെ മറ്റു പങ്കില്ല. അവർ അകമ്പടിക്ക് യോജിച്ചവർ. പക്ഷെ അവൻ അവരെ ആശ്രയിച്ചിരുന്നില്ല."[21]

തന്റെ ശത്രുക്കളെ യേശുവാണ് കീഴ്പ്പെടുത്തുന്നതെന്നാണ് വാക്യം 15 വ്യക്തമാക്കുന്നത്: "ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്ന് മൂർച്ച യുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽകൊണ്ട് അവരെ മേയിക്കും. സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു" മൂലവേദഭാഗത്തിൽ, അവസാനത്തെ രണ്ട് സർവ്വ നാമങ്ങളാൽ ഊന്നൽ കൊടുത്തിരിക്കുന്നത്.[22] *അവൻ* അവരെ "ഇരുമ്പു കോൽകൊണ്ട് മേയ്ക്കുകയും," "ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് മെതിക്കയും ചെയ്യും." എന്നാണെന്ന് വേദഭാഗം തറപ്പിച്ചു പറയുന്നു.

വാക്യം 15 ലെ അലങ്കാരം വെളിപ്പാടിൽ മുൻപ് ഉപയോഗിച്ചിട്ടുണ്ട്.[23] യേശു വരുന്നത് ദുഷ്ടന്മാരെ ന്യായംവിധിപ്പാനും, ശിക്ഷിപ്പാനും, നശിപ്പി പ്പാനുമാണെന്ന് പരിശുദ്ധാത്മാവ് ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കുന്നു. ജോർജ് ലാഡ് എഴുതി,

> ഇവിടെ വരച്ചു കാണിച്ച ക്രിസ്തു പുതിയനിയമത്തിൽ മറ്റു വേദ ഭാഗങ്ങളിൽ പറയുന്ന കരുണയും കൃപയുമുള്ള ക്രിസ്തു എന്ന ആശ യത്തിന് എതിരാണെന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. അതത്ര ശരിയായിരിക്കയില്ല; പുതിയനിയമത്തിൽ മറ്റെല്ലാ ഘടകങ്ങളും വ്യക്ത മാക്കുന്നത്, ന്യായവിധിമുഖാന്തരമുള്ള ജയം ക്രിസ്തുവിന്റെ മുഴുവൻ പ്രവർത്തനത്തിൽ നിന്നു ഒഴിച്ചുകൂടാനാവാത്തതാണ് (മത്തായി 13:41–42; 25:41; റോമർ 2:5; 2 തെസ. 1:7; 2:8).[24]

രംഗം മൂർദ്ധന്യാവസ്ഥയിലെത്തിക്കുകയാണ് വാക്യം 16: " 'രാജാ ധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടു പ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു' " "നിങ്ങളുടെ ദൈവമായ യഹോവ ദൈവാധിദൈവവും കർത്താധികർത്താവുമാകുന്നു" എന്ന് മോശെ യിസ്രായേലിനോട് പറഞ്ഞു (ആവർത്തന പുസ്തകം 10:17). ദാനി യേലിന്റെ ദൈവം "ദൈവാധിദൈവവും രാജാധിരാജാവും" ആണെന്ന് നെബുഖദ്നേസർ സമ്മതിച്ചു (ദാനിയേൽ 2:47). ദൈവം "രാജാധിരാ ജാവും കർത്താധികർത്താവും" ആണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (1 തിമൊഥെയൊസ് 6:15). വെളിപ്പാടിൽ ഈ ദൈവികവിവരണം യേശു വിന് പ്രയോഗിച്ചിരിക്കുന്നു.[25] മുൻപ്, അദ്ധ്യായം 17–ൽ, നാം വായിക്കു ന്നു, "അവർ [മൃഗവും സഖ്യകക്ഷികളും] കുഞ്ഞാടിനോട് പോരാടും. താൻ കർത്താധികർത്താവും രാജാധിരാജാവും ആകകൊണ്ട്, കുഞ്ഞാട് തന്നോടുകൂടെ വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരു മായി അവരെ ജയിക്കും" (17:14). ഇപ്പോൾ, ഈ ദർശനത്തിൽ, വിശുദ്ധനാ മം എഴുതിയിരിക്കുന്നത് ഉടുപ്പിന്മേലും തുടമേലുമാണ്, "രാജാധിരാജാവും കർത്താധികർത്താവും."

പേർ എഴുതിയിരുന്നത് സ്പഷ്ടമായി എല്ലാവർക്കും കാണാവുന്ന സ്ഥല ത്തായിരുന്നതിനാൽ തിരിച്ചറിയുവാനും കഴിഞ്ഞിരുന്നു.[26] അത് മനുഷ്യരുടെ അവകാശങ്ങളെ തള്ളിക്കളഞ്ഞിരുന്നു: ചക്രവർത്തിമാരെ "രാജാധിരാജാവും

കർത്താധികർത്താവുമായുള്ളോവേ" എന്ന് വിളിച്ചിരിക്കാം. പക്ഷെ അവൻ അങ്ങനെ ആയിരുന്നില്ല. യേശുവിന്റെ പരമാധികാരത്തെ വ്യക്തമാക്കുന്നതായിരുന്നു ആ പേര്: അവൻ മാത്രമാണ് രാജാധിരാജാവും കർത്താധികർത്താവും. പല ദേവന്മാരും കർത്താക്കന്മാരും ഉണ്ടായേക്കാം (1 കൊരിന്ത്യർ 8:5). ധാരാളം ഭരണകർത്താക്കളുണ്ട്, കർത്താവ് ഒരുവൻ മാത്രം (എഫെസ്യർ 4:5) അനേക ഭരണകർത്താക്കളുണ്ട്, എന്നാൽ അവരിലെല്ലാം രാജാവ് ഒന്ന് മാത്രം!

## അവന്റെ വിജയം തീർച്ചയാണ് (19:17, 18)[27]

വാക്യം 17-ൽ ശ്രദ്ധ താൽക്കാലികമായി യേശുവിൽനിന്ന് "സൂര്യനിൽ നിൽക്കുന്ന ദൂതനിലേക്ക്" തിരിഞ്ഞു (വാ. 17) അവിടെ അവരെ നന്നായി കാണാം.[29] സന്ദേശവാഹകൻ "ഉറക്കെ വിളിച്ചു പറഞ്ഞു" "ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളും കേൾക്കേണ്ടതിനായിരുന്നു" (വാ. 17) "ആകാശമദ്ധ്യേ പറക്കുന്ന" പക്ഷികൾ വലുതും ശക്തിയുള്ള-ചിറകോടുകൂടിയവയുമാണ്, അവയിൽ പലതും മാംസഭുക്കുകളുമായിരുന്നു. അവ വളരെ ഉയരത്തിൽ വട്ടമിട്ട് പറന്ന് ആഹാരം തേടിക്കൊണ്ടിരിക്കും.

ദൂതൻ മാംസഭോജികൾക്ക് നല്ല വാർത്തയുമായാണ് വന്നത്: പുതിയതും, സമൃദ്ധവുമായ ആഹാരം ഉടനെ ലഭിക്കും. അവൻ നിലവിളിച്ചു പറഞ്ഞു,

> രാജാക്കന്മാരുടെ മാംസവും[30] സഹസ്രാധിപന്മാരുടെ മാംസവും വീരന്മാരുടെ മാംസവും, കുതിരകളുടേയും കുതിരപ്പുറത്തിരിക്കുന്നവരുടേയും മാംസവും,[31] സ്വതന്ത്രന്മാരും ദാസന്മാരും ചെറിയവരും വലിയവരുമായ എല്ലാവരുടേയും മാംസവും[32] തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിന് വന്നു കൂടുവിൻ (വാ. 17, 18).

പ്രതീക്ഷിച്ച രംഗം ഭീകരമായ ഒന്നായിരുന്നു: രക്തം-ചിന്തിയ യുദ്ധക്കളത്തിൽ ചിന്നിച്ചിതറിയ ശരീരങ്ങൾ, പക്ഷികൾ മൃതശരീരങ്ങൾ കൊത്തിവലിക്കുന്നു. യേശുവിന്റെ വാക്കുകൾ നമ്മെ ഓർപ്പിക്കുന്നു: "ശവമുള്ളേടത്ത് കഴുക്കൾ കൂടും" (മത്തായി 24:28). യെഹസ്ക്കേലിന്റെ വാക്കുകളും നമ്മെ ഓർപ്പിക്കുന്നുണ്ട്, "മാഗോഗ് ദേശത്തിലെ ഗോഗിന് എതിരായി" (യെഹസ്ക്കേൽ 38:2) പ്രവചാകനോട് കൽപിച്ചു,

> ... "സകലവിധ പക്ഷികളോടും എല്ലാവിധ കാട്ടുമൃഗങ്ങളോടും നീ പറയേണ്ടുന്നത്," നിങ്ങൾ കൂടിവരുവിൻ, നിങ്ങൾ മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യേണ്ടതിന് എന്റെ യാഗത്തിന് നാല് പുറത്തുനിന്നും വന്നു കൂടുവിൻ ... "നിങ്ങൾ വീരന്മാരുടെ മാംസം തിന്ന്, പ്രഭുക്കന്മാരുടെ രക്തം കുടിപ്പിൻ ... ഇങ്ങനെ നിങ്ങൾ എന്റെ മേശയിങ്കൽ കുതിരകളെയും വാഹന മൃഗങ്ങളെയും വീരന്മാരേയും സകലയോദ്ധാക്കളേയും തിന്നു തൃപ്തരാകും എന്ന് കർത്താവായ ദൈവം അരുളിച്ചെയ്യുന്നു" (യെഹസ്ക്കേൽ 39:17-20).

19:17, 18 ലെ മഹാവിരുന്നിനെ, "ദൈവത്തിന്റെ അത്താഴം" എന്നു വിളിച്ചിരിക്കുന്നു, കാരണം അത് ദൈവമാണ് അവർക്ക് നൽകിയത്. ആ "അത്താ

ഴത്തിൽ" പലതരം വിഭവങ്ങളായിരുന്നു: രാജാക്കന്മാരും, വീരന്മാരും, സഹസ്രാധിപന്മാരും, പടയാളികളും, ദൈവത്തോട് മൽസരിച്ച മറ്റുള്ളവരും ഉൾപ്പെടുന്നു, "സ്വതന്ത്രന്മാരും ദാസന്മാരും, ചെറിയവരും വലിയവരുമായ എല്ലാവരും." തങ്ങളുടെ ശിക്ഷയിൽനിന്ന് ഒഴിവാകുവാൻ രാജാക്കന്മാർക്ക് മതിയായ ശക്തിയോ, വീരന്മാർക്ക് മതിയായ സ്വാധീനമോ, അല്ലെങ്കിൽ സഹസ്രാധിപന്മാർക്ക് മതിയായ പടയാളികളോ ഇല്ലായിരുന്നു. കർത്താവിന്റെ മുൻപിൽ എല്ലാവരും നിസഹായരാണ്.

ശ്രദ്ധിച്ചാൽ, വരുവാനിരുന്ന വിരുന്ന് ഒരുപക്ഷെ പ്രതീക്ഷിച്ചത്ര വലുതായിരുന്നില്ല എന്നു കാണാം. ഫോർട്ട്വർത്ത് ടെക്സാസിലെ ഒരു ഫാസ്റ്റ്-ഫുഡ് റെസ്റ്റോറന്റാണ് എനിക്കോർമ്മ വരുന്നത്, അവിടെ വൈവിധ്യമാർന്ന ഭക്ഷണങ്ങൾ വിളമ്പിയിരുന്നു - എന്നാൽ (എനിക്ക് പറയാവുന്നേടത്തോളം ഒരു കറിയിൽ നാലോ അഞ്ചോ പദാർത്ഥങ്ങൾ അടങ്ങിയിരുന്നു). 19:17, 18 ലെ പരാജയപ്പെട്ടവരിൽ, രാജാക്കന്മാരും, സഹസ്രാധിപന്മാരും, വീരന്മാരും, വലിയവരും ഉണ്ടായിരുന്നു, പക്ഷെ ആ നരഭോജികളായ പക്ഷികൾക്ക് ധനം, ശക്തി, ദുരഭിമാനം എന്നിവയൊന്നും അറിയില്ലായിരുന്നു. നായകനായാലും അല്ലെങ്കിലും, സൈന്യാധിപനായിരുന്നാലും അവന്റെ പിന്നിൽ സഞ്ചരിക്കുന്നവനായാലും ശരി, ഭക്ഷിക്കുന്ന പക്ഷികൾക്ക് അവരുടെയെല്ലാം മാംസം ഒരുപോലെയിരുന്നു.[34] നിഗളികളുടേയും സ്വയ-പര്യാപ്തക്കാരുടെയും ഗതി അങ്ങനെയായിരിക്കും (സദൃശവാക്യങ്ങൾ 16:18).[35]

സ്പഷ്ടമായും, "കുഞ്ഞാടിന്റെ കല്ല്യാണവിരുന്നും" (വാ. 9) "ദൈവത്തിന്റെ അത്താഴവും" തമ്മിൽ പ്രകടമായ അന്തരമുണ്ട്.

> പത്തൊമ്പതാം അദ്ധ്യായം ഒറ്റ കാൻവാസിൽ രണ്ട് അത്താഴവിരുന്നിന്റെ അന്തരം വരച്ചുകാണിക്കുന്നു ... ഒന്നിൽ സ്വർഗീയ പ്രകാശം പരക്കുന്നു ... മറ്റൊന്ന് ഇരുണ്ടിരിക്കുന്നു. ഒന്നിലെ അതിഥികൾ ... വെള്ളവസ്ത്രം ധരിച്ച വലിയോരു പുരുഷാരം, മറ്റൊന്നിൽ വന്യമൃഗങ്ങളും നരഭോജികളായ പക്ഷികളുമായിരുന്നു. ഒന്നിൽ സംഗീതമുണ്ടായിരുന്നു ... ഹല്ലെലുയ്യാ ഗാനം ആലപിക്കുന്ന സ്വർഗിയ ഗായകസംഘത്തിന്റേതായിരുന്നു. മറ്റൊന്നിൽ സംഗീതമോ ഗാനമോ ഇല്ലായിരുന്നു, [ചവച്ചരക്കുന്ന] എല്ലുകളു [ടെ] ശബ്ദം മാത്രം.[36]

ആരെങ്കിലും തടസവാദം ഉന്നയിച്ചേക്കാം, "അത് അറപ്പുളവാക്കും!" ശരിയാണ് - പക്ഷെ നരകത്തെ പോലെ അത്ര അറപ്പുള്ളതല്ല. ഭയാനകമായ ഒരു ചിത്രമാണ് പരിശുദ്ധാത്മാവ് വരച്ചിരിക്കുന്നത്, എന്നാൽ "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭം ആകുന്നു" എന്നോർക്കുക (സദൃശവാക്യം 9:10). നിങ്ങൾക്ക് ഒരു തിരഞ്ഞെടുപ്പുണ്ട്: നിങ്ങൾക്ക് കർത്താവിനെ അനുഗമിച്ച് കുഞ്ഞാടിന്റെ കല്ല്യാണസദ്യക്കുള്ള ക്ഷണം സ്വീകരിക്കാം അല്ലെങ്കിൽ, കർത്താവിനോട് എതിർത്ത് ദൈവത്തിന്റെ അത്താഴത്തിലേക്ക് പ്രവേശിക്കാം.

വരുവാനുള്ള "യുദ്ധത്തിന്റെ" ഫലം സംശയാതീതമായിരുന്നു എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കുക. ശത്രുവിന്റെ മുൻപിൽ ശത്രുക്കളുടെ മൃതശരീരങ്ങൾ ഭക്ഷിക്കുവാനായിരുന്നു പക്ഷികളെ ക്ഷണിച്ചത്. യേശുവിന്റെ വിജയം തീർച്ചയുള്ളതാണ്.

## അവന്റെ ശത്രുക്കളെ വിധിച്ചു (19:19-21)

ഒടുവിൽ, നാം നമ്മുടെ വേദഭാഗത്തിന്റെ പ്രാഥമികമായ ലക്ഷ്യത്തിലെത്തിയിരിക്കുന്നു: കർത്താവിന്റെ രണ്ട് ശത്രുക്കളുടെ വീഴ്ച്ച വരച്ചു കാണിച്ചിരിക്കുന്നു. യോഹന്നാൻ എഴുതി, "കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്‌വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നുകൂടിയത് ഞാൻ കണ്ടു" (വാ. 19). "മൃഗം" 13:1, 2-ൽ പരിചയപ്പെടുത്തിയത് അജയ്യനായ കടൽ ജന്തുവാണ് (കൂടാതെ 13:4, 7, 8 നോക്കുക). മൃഗവും അവന്റെ സഹപ്രവർത്തകനും (കര ജന്തുവിനെ, "കള്ള പ്രവാചകൻ"[37] എന്നും വിളിച്ചിരുന്നു [16:13]), അവനെ നശിപ്പിക്കും (19:20), എന്നാൽ വാക്യം 19-ൽ മൃഗത്തെ മാത്രമാണ് പറഞ്ഞിരിക്കുന്നത്, കാരണം അവനാണ് നായകൻ. തനിക്ക് പിൻഗാമികളെ ഏർപ്പെടുത്തുക എന്ന ജോലിയായിരുന്നു കള്ളപ്രവാചകന്റേത് (13:12).

ഗ്രീക്ക് വേദഭാഗം അക്ഷരികമായി പറയുന്നത് "മൃഗവും അവന്റെ സൈന്യവും കുതിരപ്പുറത്തിരിക്കുന്ന [വനുമായി] യുദ്ധം ചെയ്യു*വാൻ* ഒന്നിച്ചു കൂടി." (എംഫസിസ് മൈൻ.) കഴിഞ്ഞ ഒരു പാഠത്തിൽ ചൂണ്ടി കാണിച്ചതുപോലെ, ഈ യുദ്ധം സാധാരണ അറിയപ്പെടുന്നത് "അർമ്മഗദോൻ യുദ്ധം" എന്ന പേരിലാണ്. അതേ പോരാട്ടത്തെ കുറിച്ച് അടുത്ത അദ്ധ്യായത്തിൽ പറയുന്നുണ്ട് (20:8).[38] ഇതേ യുദ്ധം തന്നെയാണ് 16:13–21 ലേത് എന്ന് ഊന്നി പറയുവാൻ, ഞാൻ ബ്രയൻ വാറ്റ്സിനോട് അതേ യുദ്ധരംഗം വരച്ച്, ഈ അദ്ധ്യായത്തിൽനിന്നുള്ള പ്രത്യേക വിശദാംശങ്ങളും ചേർക്കുവാൻ പറഞ്ഞു. വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻ, നായകന്മാരായ രണ്ടു മൃഗങ്ങൾ, വിരുന്നിനായി കാത്തിരിക്കുന്ന പക്ഷികൾ എന്നിവ അതിൽ ഉൾപ്പെടുന്നു. (ഈ പാഠത്തിന്റെ അവസാനം വരുന്ന "യുദ്ധത്തിനായി( ഒന്നിച്ചു കൂടൽ" എന്ന ചിത്രീകരണം നോക്കുക.)

ഒരിക്കൽ കൂടെ, "ഏറ്റുമുട്ടലിന്റെ വേദി ഒരുക്കിയെങ്കിലും ... *യുദ്ധം ഒന്നും നടന്നില്ല*."[39] ഡൊണാൾഡ് ഗത്രി ചൂണ്ടിക്കാട്ടി, "യാതൊരു യുദ്ധത്തിന്റേയും വിവരണമില്ല ... യോദ്ധാവായ രാജാവ് സൈന്യത്തിന്റെ ശക്തിയാലല്ല, മറിച്ച് അവന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾ കൊണ്ടാണ്. നശിപ്പിക്കുന്നതായ അവന്റെ കൽപന മാത്രം മതി"[40] ബർട്ടൻ കോഫ്മാൻ എഴുതി,

> ഇവിടെ ഒരു തരത്തിലുള്ള "യുദ്ധവും" നടക്കുന്നില്ല. അറിയ-പ്പെടുന്ന അർമ്മഗദോൻ യുദ്ധം എന്നത് മനുഷ്യന്റെ സങ്കൽപം അല്ലാതെ മറ്റൊന്നല്ല. ദൂതന്മാരുടേയോ മറ്റു സൈന്യത്തിന്റെയോ ആവശ്യം ക്രിസ്തുവിനില്ല. തന്റെ വചനത്താൽ സൂര്യനെ ശൂന്യാകാശത്തിൽ പ്രകാശിപ്പിക്കുവാൻ നിർത്തിയവന്റെ ഇഷ്ടം അതാതു സമയത്ത് പ്രവർത്തിക്കും.[41]

മിക്ക കാളകളെയും പോലെ, മൃഗം തന്നേക്കാൾ അശക്തരായവരെ ഭൗതികമായി ശക്തിയോടെ നേരിടുമെന്നാണ് കാണപ്പെട്ടത് (13:7, 15), എന്നാൽ ഉയർന്ന ശക്തിയുള്ളവനോട് നേരിടുമ്പോൾ അവൻ തകർന്നു പോകും. അവന്റെ ധാർഷ്ട്യവും വ്യാജമായ അവകാശവും (13:5, 6) കുഞ്ഞാടിന്റെ ശക്തിയോട് എതിർക്കുമ്പോൾ ഒന്നുമല്ല.

മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനു

ഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏൽപിക്കയും അതിന്റെ പ്രതിമയെ[42] നമസ്. ക്കരിപ്പിക്കയും ചെയ്ത കള്ള പ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ തള്ളിക്കളഞ്ഞു (വാ. 20). (ഈ പാഠത്തിന്റെ അവസാനം കാണുന്ന "മൃഗ ത്തെയും കള്ളപ്രവാചകനേയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് തള്ളിക്കളഞ്ഞു" എന്ന ചിത്രീകരണം നോക്കുക.)

ആ ഗന്ധകപ്പൊയ്കയിൽ "അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം അനുഭവിക്കും" (20:10).

ഇത് ആദ്യമായാണ് "ഗന്ധകം ... കത്തുന്ന പൊയ്കയെ" കുറിച്ച് പറയുന്നത്, പക്ഷെ അത് അവസാനമല്ല (20:10, 14, 15; 21:8).[44] വെളിപ്പാടിൽ നരകം എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല (ഗ്രീക്ക്: *ഗഹെന്നാ*),[45] എന്നാൽ പരിശുദ്ധാത്മാവിന്റെ മനസിൽ ദുഷ്ടന്റെ അന്തിമ സ്ഥാനം തന്നെയായിരുന്നു ഉണ്ടായിരുന്നത്. "നി ത്യാഗ്നി" "പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിട്ടുള്ളതാണ്" (മത്തായി 25:41), സാത്താനെ പിൻപറ്റുന്ന എല്ലാവരും അവസാനം അവിടെ യെത്തും.

എഴുതിക്കൊണ്ടിരുന്ന സമയത്ത് മുന്നറിയിച്ച അലങ്കാരങ്ങൾ സൂചിപ്പി ച്ചത് റോമാ സാമ്രാജ്യത്തിന്റെയും, അതിന്റെ ഏജൻസികളുടേയും, സഖ്യക ക്ഷികളുടേയും അന്തിമ വീഴ്ച്ചയെയായിരുന്നു. എങ്ങനെയായാലും, "ദൈവ ത്തിനും അവന്റെ രാജ്യത്തിനും എതിരായി ഉയരുന്ന *എല്ലാ* ശക്തികൾക്കും അതായിരിക്കും ഗതി"[46] എന്ന്, എല്ലാവരും സമ്മതിക്കും. "ദുഷ്ടന്മാരെയും ദൈവത്തെ മറക്കുന്നവരെയും" ഒരു നാൾ അവൻ നരകത്തിലേക്ക് തള്ളിയി ടും (സങ്കീർത്തനങ്ങൾ 9:17; കെജെവി).

രണ്ട് ശത്രുക്കളെ പെട്ടെന്ന് അയക്കുന്നതാണ് വേദഭാഗത്തിലെ ഏറ്റവും അമ്പരപ്പിക്കുന്ന ഭാഗം. അത് വിവരണത്തിന്റെ സംക്ഷിപ്തതയെ വെളിപ്പെ ടുത്തുന്നു. "മൃഗത്തെയും കള്ളപ്രവാചകനെയും എങ്ങനെ ജീവനോടെ ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് എറിഞ്ഞു"[47] എന്നു ചുരുക്കി ഒരു വാക്യം പറയുന്നു. മഹതിയാം ബാബിലോന്റെ വീഴ്ച്ചയെ നാം കണ്ടുകഴിഞ്ഞു (അദ്ധ്യായം 17 ഉം 18 ഉം). തലയെ (റോമാ നഗരം) നശിപ്പിച്ചു കഴിയുമ്പോൾ, ശരീരത്തിന് (റോമാ സാമ്രാജ്യം) അധികം നിലനിൽക്കുവാൻ സാധ്യമല്ല. സ്പ ഷ്ടമായ ആ വിജയം നമ്മെ ഓർപ്പിക്കുന്നത്, അജയ്യനായ എതിരാളി പോലും കർത്താവിന്റെ മുമ്പിൽ നിസഹായനായ ശിശുവിനെ പോലെ ആയിരിക്കും എന്നാണ്. ആ രണ്ട് മൃഗങ്ങൾക്കും "അൽപകാലം" അവസരം കൊടുത്തു, പക്ഷെ ഇപ്പോൾ അവരെ തക്ക സ്ഥാനത്തേക്ക് എത്തിച്ചിരിക്കുന്നു.[48]

നമ്മുടെ വേദഭാഗത്തിലെ അവസാന വാക്യം രണ്ട് ലക്ഷ്യങ്ങൾ കൈവ രിക്കുന്നു: അത് മൃഗത്താലും കള്ളപ്രവാചകനാലും വഞ്ചിക്കപ്പെട്ടവരുടെ വിധി പറയുന്നു, ദൂതൻ പക്ഷികൾക്ക് കൊടുത്ത വാഗ്ദാനം നിറവേറുകയും ചെയ്യുന്നു: "ശേഷിച്ചവരെ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പു റപ്പെടുന്ന വാൾകൊണ്ട് കൊന്നു, അവരുടെ മാംസം തിന്നു സകല പക്ഷി കൾക്കും തൃപ്തി വന്നു" (വാ. 21).[49] വാരെൻ വിയേഴ്സ്ബേ പറഞ്ഞതുപോ ലെ, കർത്താവിന്റെ ശത്രുക്കൾ "അർമ്മഗദോൻ യുദ്ധമായിട്ടാണ് കണ്ടത്, പ ക്ഷെ ദൈവമോ ആകാശത്തിലെ പക്ഷികൾക്കുള്ള 'അത്താഴം' ആയിട്ടാണ്."[50] "ദൈവത്തിന് എതിരായി മൽസരിക്കുന്നതിന്റെ മൗഢ്യത്തെയാണ്" ഊന്നി

പറയുന്നത്.[51]

## ഉപസംഹാരം

വെളിപ്പാട് ഇത്രയും പഠിച്ചതിൽനിന്നു 19:11-21 ലെ ഭാവന അക്ഷരിക മല്ല എന്ന് മനസിലായല്ലോ: കർത്താവിന്റെ സൈന്യത്തിലുള്ള കുതിരകളെ കെട്ടുവാനുള്ള ആലയം സ്വർഗത്തിലില്ല, ദുഷ്ടന്മാരെ തിന്നുകളയുവാൻ ദൈവത്തിന്ന് വിശന്നിരിക്കുന്ന പക്ഷിക്കൂട്ടവുമില്ല. തന്റെ ശത്രുക്കളുടെമേ ലുള്ള യേശുവിന്റെ വിജയം ആലങ്കാരികമായി പറയുകയാണ് വേദഭാഗം. വേദഭാഗം അക്ഷരികമായി എടുക്കരുത് എന്ന് പറയുമ്പോൾ അത് ഗൗരവ മായി എടുക്കരുത് എന്ന് അർത്ഥമാക്കരുത്. ഒന്നുകിൽ നമുക്ക് മൃഗത്തെ അനുഗമിക്കാം, അല്ലെങ്കിൽ രാജാധിരാജാവും കർത്താധികർത്താവുമായവനെ അനുഗമിക്കാം – അതാണ് ഏറ്റവും മുഖ്യമായ കാര്യം.

തിരക്കുള്ള ഹൈവേയുടെ നടുവിൽ മുൾ-ക്കിരീടം അണിഞ്ഞ യേശു വിന്റെ ചിത്രം "മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും" എന്ന തലവാച കത്തോടു കൂടിയ ഗോഡ്സേയുടെ പ്രസിദ്ധമായ ഒരു പെയിന്റിങ്ങ് ആളുകളെ സ്പർശിക്കുന്നതാണ്:

> എല്ലാ വിവരണങ്ങളിലുമുള്ള ആളുകളാൽ അവൻ ചുറ്റപ്പെട്ടിരിക്കുന്നു ജീവിതത്തിലെ എല്ലാ മേഖലകളിലുമുള്ളവരുൾപ്പെടുന്നു, ജോലിക്കാരൻ തന്റെ ആയുധവുമായി, കുതിരക്കാരൻ തന്റെ ചാട്ട-യടിയുമായി, അമ്മ തന്റെ കുഞ്ഞുമായി, പുതിയ ശിശു ആവേശക്കരച്ചിലുമായി. എന്നാൽ ആ പെയിന്റിങ്ങ് ഒന്നുകൂടെ നോക്കിയാൽ, എല്ലാ കണ്ണുകളും ക്രിസ്തു വിൽനിന്ന് *മാറ്റിയതായി* കാണാം. അവനെ ആരും ശ്രദ്ധിക്കുന്നില്ല. അതാണ് ലോകത്തിന്റെ യഥാർത്ഥ അവസ്ഥ.[52]

യേശുവിനെ ഇന്നും തള്ളിക്കളയുവാൻ സാധ്യതയുണ്ട് (യോഹന്നാൻ 12:48), എന്നാൽ അവനെ എന്നേക്കും തള്ളിക്കളയാനാവില്ല. ഒരു ദിവസം അവൻ രാജാധിരാജാവും കർത്താധികർത്താവുമായി വരും. ഇന്ന് അവനെ ത്യജിച്ചിരിക്കുന്നവരെ അന്ന് അവൻ ത്യജിക്കും. ഇന്ന് അവനെ കൈക്കൊള്ളു ന്നവരെ അന്ന് അവനും കൈക്കൊള്ളും. അതിനേക്കാൾ ഗൗരവമായത് മറ്റൊ ന്നില്ല![53]

---

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

തിരുവെഴുത്തിലെ ഈ വേദഭാഗത്തെ ഒരാൾ "ഷോഡൗൺ ഫോർ എ ഷോഓഫ്." ജി. ബി. കെയിഡ് വിളിച്ചത് "നാശകന്റെ നാശം" എന്നാണ്.

19:11-21 നെ മറ്റൊരു രീതിയിൽ സമീപിക്കാം: (1) രാജാവിന്റെ പദവികൾ, (2) രാജാവിന്റെ ജോലി, (3) രാജാവിന്റെ വിജയം.[54] മറ്റൊന്ന് (1) വലിയ നാ യകൻ, (2) വലിയ അത്താഴം, (3) വലിയ വിജയം.[55]

രണ്ട് അത്താഴങ്ങളുടെ അന്തരങ്ങൾ എടുത്ത് ഒരു മുഴുവൻ പാഠവും തയ്യാറാക്കാം. കൂടാതെ വേദഭാഗത്തുള്ള യേശുവിന്റെ നാല് നാമങ്ങൾ/പേ രുകൾ എടുത്ത് ഒരു പ്രസംഗം തയ്യാറാക്കാവുന്നതാണ്.

കുറിപ്പുകൾ

[1]ഇതിനർത്ഥം അവർ പരാജയപ്പെട്ടത് വ്യത്യസ്തമായ കാലയളവിലാണ് എന്നല്ല. മറിച്ച്, അത് മൂർദ്ധന്യാവസ്ഥയിലേക്ക് കൊണ്ടുവരുന്ന അപോകാലിപ്റ്റിക് രീതിയാണ്. അദ്ധ്യായം 20-ൽ സർപ്പം പരാജയപ്പെടുന്നതാണ് മുർദ്ധന്യാവസ്ഥ. [2]ജെയിംസ് എം. എഫേർഡ്. *റെവലേഷൻ ഫോർ ടുഡേ* (നാഷിലേ.: അബിങ്ഡൺ പ്രസ്, 1989), 109. (എംഫസിസ് ഹിസ്.) [3]വില്യം ബാർക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ.* വാല്യം. 2. എൻവി. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 177. [4]ജി. ആർ. ബീസ്ലേ. മുറേ, *ദ ബുക്ക് ഓഫ് റെവലേഷൻ.* ദ ന്യൂ സെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1974), 277. [5]അദ്ധ്യായം 6-ൽ പറയുന്ന വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻ ക്രിസ്തുവാണോ അതോ മറ്റേതെങ്കിലും സാമ്രാജ്യത്വമാണോ എന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾ ഏതാണ്ട് തുല്യമായി വിഭജിക്കപ്പെട്ടിരിക്കുന്നു. (*വെളിപ്പാട്, 2* എന്ന പുസ്തകത്തിലുള്ള "ഇടിമുഴക്കമുള്ള കുളമ്പടികൾ" എന്ന പാഠത്തിൽ ഈ കുതിരക്കാരനെ ചർച്ച ചെയ്തിരിക്കുന്നത് നോക്കുക.) എങ്ങനെയായാലും 19:11-21 ലെ സന്ദേശത്തെ എഡ്വേർഡ് മയേഴ്സ് പറഞ്ഞത് സമാനത [ഉണ്ടായാലും ഇല്ലെങ്കിലും] അത് അപ്രസക്തമാണ്." (*ആഫ്ടർ ദീസ് തിങ്സ് ഐ സാ: എ സ്റ്റഡി ഓഫ് റെവലേഷൻ* [ജോപ്ലിൻ, മോ: കോളേജ് പ്രസ്, പബ്ലിഷിങ് കമ്പനി., 1997], 309). [6]ബാർക്ലേ, 178. കർത്താവിന്റെ സൈന്യവും വെള്ളക്കുതിരപ്പുറത്തായിരുന്നു (വാ. 14) - അത് വിജയത്തെ സൂചിപ്പിക്കുന്നു. [7]അവനെ 1:5-ൽ "വിശ്വസ്ത സാക്ഷി" എന്നു വിളിച്ചിരിക്കുന്നു. *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "കർത്താവേ എത്രത്തോളം?" എന്ന പാഠത്തിലെ 1:5 ന്റെ കുറിപ്പും *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ, "അതിനുണ്ടായിരുന്നതുകൊണ്ട് പണിത സഭ, 1" ഉം "അതിനുണ്ടായിരുന്നതുകൊണ്ട് പണിത സഭ, 2" എന്നീ പാഠങ്ങളിലെ 3:14 ന്റെ കുറിപ്പും നോക്കുക. [8]പർവ്വതശിഖരങ്ങളെ കുറിച്ചുള്ള ആദ്യത്തെ ചിത്രീകരണത്തിന്, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഞങ്ങൾ ജയിച്ചിരിക്കയാൽ ദൈവത്തിന് സ്തോത്രം" എന്ന പാഠം നോക്കുക. [9]അതേ വാക്ക് 2:18-ൽ ഉപയോഗിച്ചിരിക്കുന്നു. "മനുഷ്യപുത്രനോട് സദൃശനായവൻ" എന്ന പാഠത്തിലെ 1:14 ന്റെ കുറിപ്പും "യിസബേൽ അംഗമായിരുന്ന സഭ" എന്ന പാഠത്തിലെ 2:18 ന്റെ കുറിപ്പും നോക്കുക. രണ്ട് പാഠവും *വെളിപ്പാട്, 1* എന്ന പുസ്തകത്തിൽ കാണാം. [10]കാഴ്ച്ചബംഗ്ലാവുകളിൽ അകത്ത് പലത് ചേർന്നിരിക്കുന്നതും പുറമെ ഒന്നായി കാണുന്നതുമായി കിരീടം ഞാൻ കണ്ടിട്ടുണ്ട്. ക്രിസ്തുവിന് *പല* കിരീടങ്ങളുചായിരുന്നതിന് ഊന്നൽ കൊടുക്കുവാൻ കലാകാരനായ ബ്രയൻ വാറ്റ്സിനോട് പറഞ്ഞിട്ട്, അദ്ദേഹം വരച്ചിരിക്കുന്നത് നോക്കുക.

[11]"അപ്പോൺ ഹിം" എന്നത് തർജിമക്കാർ ചേർത്തതാണ്. അതെവിടെ എഴുതിയിരിക്കുന്നു എന്ന് നമ്മോട് പറഞ്ഞിട്ടില്ല. [12]യേശുവിന് അല്ലാതെ ആ പേർ മറ്റാർക്കും അറിയില്ല (കെജെവി നോക്കുക) എന്നു പറഞ്ഞിട്ടും വ്യാഖ്യാതാക്കൾ ഊഹാപോഹങ്ങൾക്ക് പേജുകൾ നഷ്ടമാക്കിയിരിക്കുന്നു. [13]ജെ. ഡബ്ലിയു. റോബർട്ട്സ്, ദ റെവലേഷൻ ടു ജോൺ (ദ അപോകാലിപ്.സ്) ദ ലിവിങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1974), 164. [14]ചില തർജിമകളിൽ "തളിച്ച" എന്നാണ്. കയ്യെഴുത്തുപ്രതിയുടെ തെളിവ് നിശ്ചയമില്ല. [15]ആരുടെ രക്തമാണെന്ന് തിരിച്ചറിയുക എന്നത് വേദഭാഗത്തിന്റെ അടിസ്ഥാന സന്ദേശത്തെ ബാധിക്കുന്നില്ല. യേശുവിന്റെ രക്തമാണെന്ന് കരുതുന്നതിൽ വിരോധമില്ല, പക്ഷെ സന്ദർഭവും പഴയനിയമ പശ്ചാത്തലവും നോക്കിയാൽ യോജി

ക്കുന്നത് യേശുവിന്റെ ശത്രുക്കളുടെ രക്തത്തോടാണ്. [16]വിശദാംശങ്ങൾ പിന്നീട് പറയുവാനായി കാത്തിരിക്കേണ്ട രീതി അപോകാലിപ്റ്റിക് ഭാഷയിൽ അസാധാരണമല്ല. [17]അപ്പൊസ്തലനായ യോഹന്നാൻ തന്നെയാണ് വെളിപ്പാട് പുസ്തകം എഴുതിയത് എന്നതിനുള്ള മറ്റൊരു സൂചനയാണ് ഇത്. [18]"വിശുദ്ധ ദൂതന്മാർ" വെള്ളവസ്ത്രം/ ശുഭ്രവസ്ത്രം ധരിക്കുമെന്നത് ന്യായമാണ് (മർക്കൊസ് 8:38). യേശുവിന്റെ കല്ലറക്കലുണായിരുന്ന രണ് ദൂതന്മാരുടെ വസ്ത്രം "മിന്നുന്നതായിരുന്നു" (ലൂക്കൊസ് 24:4). [19]ആവ്ബർട്ടസ് പിയറ്റേഴ്സ്, സ്റ്റഡീസ് ഇൻ ദ റെവലേഷൻ ഓഫ് സെന്റ്. ജോൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1954), 204. [20]ബർട്ടൻ കോഫ്മാൻ, കമെന്ററി ഓൺ റെവലേഷൻ (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1979), 451.

[21]ലിയോൺ മോറിസ്, റെവലേഷൻ, റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 225. (എംഫസിസ് ഹിസ്.) [22]മുല ഗ്രന്ഥത്തിൽ, ഗ്രീക്ക് വ്യാകരണ പ്രകാരം ക്രിയ സ്വാഭാവികമായി സർവ്വനാമത്തെ ഉൾപ്പെടുത്തും (പുല്ലിംഗമോ സ്ത്രീലിംഗമോ, അല്ലെങ്കിൽ നപുംസകമോ). "ട്രെഡ്സ" എന്നതിന്റെ ഗ്രീക്ക് വാക്ക് (എപ്ടേയി) അക്ഷരികമായി അർത്ഥം "ട്രെഡ്സ്" എന്നാണ്. എപ്ടേയി എന്ന, സർവ്വനാമം ക്രിയയുടെ മുൻപിൽ വരുമ്പോൾ, അതു സർവ്വനാമത്തിന് ഊന്നൽ കൊടുക്കുന്നു. ഗ്രീക്കിൽ എടാസ് എന്നത് ("അവൻ" എന്നതിന്റെ രൂപഭേദം) സൂചിപ്പിക്കുന്നത് "അവൻ മെതിക്കുന്നു" എന്നാണ്. [23]അവന്റെ വായിൽനിന്ന് വാൾ എന്നതിനെ കുറിച്ച്, വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "മനുഷ്യപുത്രനോട് സദൃശ്യൻ" എന്ന പാഠത്തിലെ 1:16 ന്റെ കുറിപ്പും അതേ പുസ്തകത്തിലെ "ഹൃദയത്തിന് കുഴപ്പമുള്ള സഭ " എന്ന പാഠത്തിലെ 2:12 ന്റെ കുറിപ്പും നോക്കുക. ഇരിമ്പ്കോലിനെ കുറിച്ച് അറിയുവാൻ വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "യിസെബേൽ അംഗമായിരുന്ന സഭ" എന്ന പാഠത്തിലെ, 2:26, 27 ന്റെ പരാമർശം നോക്കുക. കൂടാതെ, വെളിപ്പാട്, 3 എന്ന പുസ്തകത്തിലെ നിങ്ങളുടെ ശത്രുവിനെ അറിയുക എന്ന പാഠത്തിലെ 12:5 ഉം നോക്കുക. ചക്കിനെ കുറിച്ച് അറിയുവാൻ, വെളിപ്പാട്, 4 എന്ന പുസ്തകത്തിലെ "കൊയ്ത്തു കാലം" എന്ന പാഠത്തതിലെ 14:19, 20 ന്റെ പരാമർശം നോക്കുക. [24]ജോർജ് എൽഡൻ ലാഡ്, എ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് ജോൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1972), 252. [25]ആ വാക്ക് സാധാരണ ദൈവത്തിന് ഉപയോഗിക്കുന്നതാണ്, യേശുവിന് അത് ഉപയോഗിച്ചിരിക്കയാൽ യേശു ദൈവമാണെന്ന് തെളിയിക്കുന്നു. [26]കുതിരപ്പുറത്തിരിക്കുന്നവന്റെ തുട മുഖ്യ ഭാഗമാണ്, എന്നാൽ എഴുതപ്പെട്ട ഭാഗം കൃത്യമായി നമുക്ക് അറിയില്ല. തുട മറച്ചിരിക്കുന്ന വസ്ത്രത്തിന്മേലായിരുന്നു എഴുതിയിരുന്നതെന്ന് ചിലർ വിശ്വസിക്കുന്നു. വേറ ചിലർ വിശ്വസിക്കുന്നത് ഗ്രീക്ക് പറയുന്നത് "തുടമേലും ഉടുപ്പിന്മേലും" നാമം എഴുതിയിരുന്നു എന്നാണ്. അതുകൊണ്ടവ. (ബ്രയൻ വാറ്റ്സിനോട് ഉടുപ്പിന്മേലും തുടമേലും എഴുത്ത് ഉള്ളതായി വരക്കുവാൻ ഞാൻ ആവശ്യപ്പെട്ടു.) എവിടെ എഴുതിയിരിക്കുന്നു എന്നതിനല്ല, പ്രാധാന്യം പേരിനാണ്. അവന്റെ ബെൽറ്റ് (കവചം) അല്ലെങ്കിൽ അവന്റെ വാളിന്റെ ഉറയോ മറ്റെന്തെങ്കിലും. [27]ഈ പാഠത്തിലെ രണ്ടാമത്തെയും മൂന്നാമത്തെയും പോയിന്റ്, എടുത്തിരിക്കുന്നത്, വിൽക്കോക്കിന്റെ ഐ സാ ഹെവെൻ ഓപ്പന്റ്: ദ മെസേജ് ഓഫ് റെവലേഷൻ, ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 184–85. [28]ഗ്രീക്കിൽ അക്ഷരികമായി "ഒരു ദൂതൻ" എന്നാണ്. [29]സൂര്യന്റെ അലങ്കാരം, ദൂതന്റെ സന്ദേശത്തിന്റെ പ്രാധാന്യമോ/ മഹത്വമോ ആയിരിക്കാം സൂചിപ്പിക്കുന്നത് (വെളിപ്പാട് 1:12; 10:1;

2:1) അല്ലെങ്കിൽ അവൻ വെളിച്ചത്തിന്റെ ഉറവിടത്തിൽനിന്നു വന്നു എന്നായിരിക്കാം സൂചന. (പ്രകാശം) (1 തിമൊഥെയൊസ് 6:16; 1 പത്രൊസ് 2:9; 1 യോഹന്നാൻ 1:5, കൂടാതെ, വെളിപ്പാട്, 2 എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിന് മദ്ധ്യേ ശാന്തത" എന്ന പാഠത്തിലെ വെളിപ്പാട് 7:2 ന്റെ പരാമർശം നോക്കുക.) [30]മൂലഗ്രന്ഥത്തിൽ വാക്യം മുഴുവനും നോക്കിയാലും, ഗ്രീക്ക് വാക്ക് തർജിമ ചെയ്ത "ഫ്ളെഷ്" എന്ന വാക്കിന് മുൻപ് ഡെഫനിറ്റ് ആർട്ടിക്കിളൊന്നുമില്ല. കൂടാതെ "ഫ്ളെഷ്" എന്നത് തർജിമ ചെയ്തത് ബഹുവചനത്തിലാണ്, അർത്ഥം, "ശവങ്ങൾ" അല്ലെങ്കിൽ "ശരീരങ്ങൾ") എന്നാണ്. "ശരീരങ്ങൾ" അല്ലെങ്കിൽ "ശവങ്ങൾ" എന്നും തർജിമ ചെയ്യാം.

[31]"കുതിരകളുടെ മാംസം" ഉൾപ്പെടുത്തിയിരിക്കുന്നത് അസാധാരണമാണ്, പക്ഷെ രംഗം പൂർണ്ണമാക്കുന്നതല്ലാതെ അതിന് വലിയ പ്രാധാന്യം ഇല്ലെന്നതാണ് വസ്തുത. [32]"എല്ലാവരും" എന്നത് സന്ദർഭത്തിന് യോജിച്ച "എല്ലാവരും" മൃഗത്തോട് സഖ്യത പുലർത്തിയവരായിരുന്നു, ക്രിസ്ത്യാനികൾ ഒഴിച്ച് മറ്റെല്ലാവരുമെന്നർത്ഥം. [33]"കമാന്റേഴ്സ്" എന്ന വാക്ക് ഗ്രീക്കിൽ നിന്ന് തർജിമ ചെയ്തിരിക്കുന്നതിനർത്ഥം "കാപ്റ്റൻസ്" എന്നാണ്, ആയിരം പേരെ നിയന്ത്രിക്കുന്ന സൈന്യാധിപൻ എന്ന് സൂചന. [34]ഈ വാചകവും ഇതിനു മുമ്പിലത്തേതും എടുത്തത്, ജെയിംസ്. ഡി. സ്ട്രാസ്, ദ സെർവ്, ദ സേവിയർ ആന്റ് ദ സേവ്ഡ്, റെവ. എഡി., ബൈബിൾ സ്റ്റഡി ടെക്സ്റ്റ് ബുക്ക് സീരീസ് (ജോപ്ലിൻ. മോ.: കോളേജ് പ്രസ്, 1979), 260. [35]യുദ്ധക്കളത്തിൽ മൃതശരീരങ്ങൾ അടക്കം ചെയ്യാതിരിക്കുന്നത് മറ്റൊരു വിധത്തിലുള്ള തരംതാഴ്ത്തലാണ്. വെളിപ്പാട്, 3 എന്ന പുസ്തകത്തിലെ "നിങ്ങൾ മരിക്കുവാൻ ഒരുക്കമാണോ?" എന്ന പാഠത്തിലെ രണ്ട് സാക്ഷികളുടെ മരണത്തെ കുറിച്ചുള്ള പരാമർശം നോക്കുക. [36]ആൽബർട്ട് എം. ബാൽഡിഞ്ചർ, പ്രീച്ചിങ് ഫ്രം റെവലേഷൻ: ടൈമ്ലി മെസേജസ് ഫോർ ട്രബിൾഡ് ഹാർട്ട്സ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1960), 105. [37]വെളിപ്പാട്, 4 എന്ന പുസ്തകത്തിലെ "വലിയ വഞ്ചകൻ" എന്ന പാഠത്തിലെ 13:11-17 ന്റെ കുറിപ്പ് നോക്കുക. [38]വെളിപ്പാട്, 4 എന്ന പുസ്തകത്തിലെ "ഒരിക്കലും നടന്നിട്ടില്ലാത്തതും നടക്കാത്തതുമായ യുദ്ധം" എന്ന പാഠം നോക്കുക. അദ്ധ്യായം 19 ലേയും 20 ലേയും യുദ്ധം ഒന്നു തന്നെയാണ്, 19:17, 18 ലെ "വലിയ അത്താഴം" എന്നതിന്റെ മുൻനിഴൽ കാണുന്ന യെഹസ്ക്കേൽ 38 ഉം 39 ഉം നോക്കുക - അതേ അദ്ധ്യായങ്ങൾ 20:8 ലെ "ഗോഗിനെയും മാഗോഗിനെയും" കുറിച്ച് പറയുന്നു. [39]ബീസ്ലേ-മുറേ, 278. (എംഫസിസ് മൈൻ.) [40]ഡൊണാൾഡ് ഗത്രി: ദ റെവലേഷൻ ഓഫ് ജോൺസ് അപോകാലിപ്സ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 102.

[41]കോഫ്മാൻ, 451. [42]കള്ളപ്രവാചകനെ വിവരിച്ചിരിക്കുന്നതുമായി 13:11-17 ലെ കര ജന്തുവുമായി താരതമ്യം നടത്തുക. [43]"ജീവനോടെ എറിഞ്ഞു" എന്ന പദപ്രയോഗം എടുത്തുകൊണ്ടാണ് ചിലർ രണ്ട് മൃഗങ്ങൾ രണ്ട് വ്യക്തികളാണെന്ന് പറയുന്നത്. ആലങ്കാരിക അപോകാലിപ്റ്റിക് ഭാഷയിൽ സന്ദർഭം വ്യക്തമാക്കുന്നത്, നശിക്കുന്നതുവരെ ആ രണ്ട് മൃഗങ്ങൾ കർത്താവിനോട് എതിർത്തുകൊണ്ടിരുന്നു എന്നാണ്. [44]തീ/കത്തലിനെ കുറിച്ചുള്ള വാക്യങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട് (17:16; 18:8, 9, 18) ഗന്ധകത്തെ കുറിച്ചുമതെ (9:17), പക്ഷെ "ഗന്ധകം കത്തുന്ന തീപ്പൊയ്കയെ കുറിച്ച് ഇല്ല." "തീപ്പൊയ്കയെ കുറിച്ച് കൂടുതൽ അറിയുവാൻ" ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "തിന്മയുടെ അവസാനം," "ന്യായവിധിയെ കുറിച്ച് അറിഞ്ഞിരിക്കേണ്ട അഞ്ചുവസ്തുതകൾ" എന്നീ പാഠങ്ങളിലെ 20:10, 14, 15 ന്റെ കുറിപ്പുകളും "ഗെഹന്നാ" എന്ന ലേഖനവും നോക്കുക. [45]ഹേഡസ് എന്ന ഗ്രീക്ക് വാക്ക് കെജെവിയിൽ വെളിപ്പാട് പുസ്തകത്തിൽ നാല് പ്രാവശ്യം

"നരകം" എന്ന് തർജിമ ചെയ്തിരിക്കുന്നു. നാം മുൻപ് ചർച്ച ചെയ്തതുപോലെ, ഹേഡസ് മരിച്ചവരുടെ അദൃശ്യസ്ഥാനമാണ്, അല്ലാതെ നിത്യശിക്ഷാവിധിയായ ("നരകം"; ഗ്രീക്ക്.: ഗഹെന്നാ) അല്ല. [46]ഹോമർ ഹെയ്‌ലി, റെവലേഷൻ, ആൻ ഇൽട്രൊഡക്ഷൻ ആന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 388. (എംഫസിസ് മൈൻ.) [47]മാർട്ടിൻ എച്ച്. ഫ്രാൻസ്മാൻ, ദ റെവലേഷൻ ടു ജോൺ (സെന്റ്. ലൂയിസ്, മോ.: കൺകോഡിയ പബ്ലിഷിങ് ഹൗസ്, 1976, 128. [48]അഡാപ്റ്റഡ് ഫ്രം മോറിസ്, 225–26. [49]"എന്തുകൊണ്ട് അവരെ തീപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നു?" എന്ന് ചോദിച്ചേക്കാം. അവരെ അങ്ങനെ ചെയ്യും (20:15), എന്നാൽ പിശാചിനെ അങ്ങനെ ചെയ്യുന്നതു വരെ അവിടെ തള്ളിക്കളയുകയില്ല (20:10.). [50]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി. വാല്യം. 2 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 610.

[51]ബീസ്ലേ-മുറേ, 283. [52]വില്യം ഹെൻഡ്രിക്സൺ, *ലെക്ച്ചേഴ്സ് ഓൺ ദ ലാസ്റ്റ് തിങ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1951), 63. (എംഫസിസ് ഹിസ്.) [53]ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ സദസ്യരെ വിശ്വാസത്താലും അനുസരണത്താലും കർത്താവിങ്കലേക്ക് തിരിയുവാൻ പ്രോൽസാഹിപ്പിക്കുക (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:37, 38). [54]അഡാപ്റ്റഡ് ഫ്രം മെറിൽ സി. ടെനി, *പ്രീച്ചിങ്ങ് ദ ന്യൂടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 96–98. [55]അഡാപ്റ്റഡ് ഫ്രം ജോൺ സ്റ്റെയ്സി, *പ്രീച്ചിങ് ത്രൂ റെവലേഷൻ* (വിനോണാ, മിസി. ജെ. സി. ചോട്ട് പബ്ലിക്കേഷൻസ്, 1983), 169–71.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. മണവാളന്റെ വരവിനായി ഒരുങ്ങുന്നതിനെ കുറിച്ചാണ് കഴിഞ്ഞ പാഠത്തിലെ വേദഭാഗം സംസാരിച്ചത്. അവൻ എങ്ങനെ പ്രത്യക്ഷനാകും?
2. ശ്രദ്ധയോടെ 19:11–21 വായിക്കുക. ആ വാക്യങ്ങളിൽ നിന്ന് നിങ്ങൾക്ക് എന്തു പ്രതീതിയാണ് ലഭിക്കുക?
3. വെളിപ്പാടിൽ പറഞ്ഞ കർത്താവിന്റെ നാല് ശത്രുക്കളെ ക്രമമായി പറയുകയും - വിട്ടുപോകുന്ന ക്രമവും പറയുക.
4. 19:11–21 ന്റെ ഉദ്ദേശം രണ്ട് മൃഗങ്ങളുടെ പതനം അറിയിക്കുക എന്നതാണ് പക്ഷെ ഊന്നൽ ആർക്കാണ് (അല്ലെങ്കിൽ എന്തിനാണ്)?
5. വാക്യങ്ങൾ, 11, 12, 13, 16 എന്നിവയിൽ പറയുന്ന യേശുവിന്റെ നാല് നാമങ്ങൾ/പേരുകൾ പറയുക. "രാജാധിരാജാവും കർത്താധികർത്താവും" എന്ന പദപ്രയോഗം പ്രത്യേകം ശ്രദ്ധിക്കുക. ഓരോ പേരും/ പദവിയും യേശുവിനെ അനുമോദിക്കത്തക്കതാക്കുന്നതെങ്ങനെ?
6. യേശുവിനെ കുറിച്ചുള്ള മറ്റ് വിവരണങ്ങൾ വിശദമാക്കുക. അതിൽ ഏത് വിശദീകരണമാണ് പുസ്തകത്തിൽ മുൻപ് വന്നിട്ടുള്ളത്? ഏതാ ണ് പുതിയത്?
7. വാക്യം 14-ൽ പറയുന്ന സൈന്യം വിശുദ്ധന്മാരാണോ അതോ ദൂതന്മാരാണോ? നിങ്ങൾക്ക് എന്തു തോന്നുന്നു? അതിലെന്തെങ്കിലും വ്യത്യാസമുണ്ടോ?

8. 19:9 ലെ അത്താഴവും 19:17 ലെ അത്താഴവും തമ്മിലുള്ള അന്തരം വ്യക്തമാക്കുക.
9. നാം അദ്ധ്യായം 13 പഠിച്ചപ്പോൾ മനസിലാക്കിയ രണ്ട് മൃഗങ്ങളെ അവലോകനം നടത്തുക.
10. മൃഗവും കൂട്ടരും കർത്താവിനോടും അവന്റെ സൈന്യത്തോടും യുദ്ധ ത്തിനായി ഒരുങ്ങി. എന്നാൽ നാം ഉപയോഗിക്കുന്ന "യുദ്ധം" എന്ന വാക്ക് അവിടെ ഉപയോഗിച്ചിട്ടുണ്ടോ?
11. മൃഗത്തിന്റേയും കള്ളപ്രവാചകന്റേയും വീഴ്ച്ചയെ പ്രതിപാദി ക്കുവാൻ എത്രമാത്രം സ്ഥലം ഉപയോഗിച്ചിട്ടുണ്ട്? അത്രയും ചുരു ങ്ങിയ വിവരണത്തിന് കാരണം എന്താണ്?
12. "രാജാധിരാജാവും കർത്താധി കർത്താവും" ആയ യേശുവിന് കീഴ് പ്പെടേണ്ടത് പ്രാധാന്യമുള്ളതാകാൻ കാരണമെന്ത്?



**വെള്ളക്കുതിരപ്പുറത്തിരിക്കുന്നവൻ (19:11–16)**



യുദ്ധത്തിനായി ഒന്നിച്ചു കൂടുന്നു (19:17–21)



തീപ്പൊയ്കയിൽ തള്ളിക്കളയുന്നു (19:20)